**TIME: 12.30 PM** **DATE: 16.06.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി സൈപ്രസ് പ്രസിഡന്റുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

2. കേരള പൊലീസ് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു ; ശക്തമായ മഴയിൽ വൻനാശനഷ്ടം ; വടക്കൻ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

4. 2027-ലെ സെൻസെസിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.

5. അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപവത്കരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.

6. സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ അവസാനത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

**********************************************

RNU TVPM

## സൈപ്രസ് - പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി സൈപ്രസ് പ്രസിഡൻറ് നികോസ് ക്രിസ്റ്റോഡുലൈഡ്സുമായി ഇന്ന് ഉഭയകക്ഷിചർച്ചകൾ നടത്തും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം , ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി തുടങ്ങിയ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും. തുടർന്ന് ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി അദ്ദേഹം ക്യാനഡയിലെത്തും. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. വിദേശ പര്യടനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ മോദി ക്രൊയേഷ്യ സന്ദർശിച്ച് ഉന്നത നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

*************************************

## മുഖ്യമന്ത്രി (ഇൻട്രോ)

കേരള പൊലീസ് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്ത്രീ ശാക്തീകരണത്തിനായി കേരളം നിരവധി നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതിൻറെ ഭാഗമായാണ് കേരള പൊലീസിലേക്ക് കൂടുതൽ സ്ത്രീകളെ നിയമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 19-ാമത് സി ബാച്ചിലെ 144 റിക്രൂട്ട് വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി. പൊലീസ് സേനയിൽ വനിതാ പ്രാതിനിധ്യം മതിയായ അനുപാതത്തിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുന്നതിനാണ് 2017ൽ വനിതാ സായുധ പൊലീസ് ബറ്റാലിയന് രൂപം നൽകിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്............)

*************************************

RNUTVPM

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. സംസ്ഥാനത്തുടനീളം വൻതോതിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള 11 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കുട്ടനാട് അമ്പലപ്പുഴ താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നല്കിയിട്ടുണ്ട്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും പത്തനംതിട്ട, കോട്ടയം, എറണാകുളം , ഇടുക്കി, തൃശ്ശൂർ , പാലക്കാട് ജില്ലകളിൽ ഓറഞ്ചും മറ്റ് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മീൻപിടിത്തം നിരോധിച്ചിട്ടുണ്ട്. മലയോര മേഖലയിലേക്കുള്ള രാത്രി യാത്രയ്ക്കും വിനോദ സഞ്ചാരത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കനത്ത മഴയെത്തുടർന്ന് പല ട്രെയിനുകളും വൈകിയാണ് ഓടുന്നത്.

PNUTVPM

**********************************

## മഴ - കാസർഗോഡ് (ഇൻട്രോ)

റെഡ് അലർട്ട് പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കനത്ത മഴ തുടരുകയാണ്. ജില്ലയിലെ പ്രധാന നദികളെല്ലാം കരകവിഞ്ഞ് ഒഴുകി തുടങ്ങിയിട്ടുണ്ട്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.**

(വോയ്സ്)

**********************************

## ആലപ്പുഴ - മഴ

ആലപ്പുഴ ദിവസങ്ങളായി പെയ്യുന്ന കനത്ത മഴയിൽ കുട്ടനാട് വീണ്ടും വെള്ളത്തിൽ മുങ്ങുന്നു. ജൂൺ ആദ്യദിനങ്ങളിൽ പെയ്ത ശക്തമായ മഴയിലും കിഴക്കൻ വെള്ളത്തിൻ്റെ വരവിലും ജലനിരപ്പ് ക്രമാതീതമായി ഉയർന്നിരുന്നു. ക്യാമ്പുകളിൽ അഭയം തേടിയ ദുരിതബാധിതർ മടങ്ങിയെത്തി ദിവസങ്ങൾ കഴിയുമ്പോഴാണ് അടുത്ത മഴ എത്തിയത്.പമ്പാ, മണിമല അച്ചൻകോവിൽ നദികളിൽ ജലനിരപ്പ് ഉയർന്നു തുടങ്ങി. പ്രദേശങ്ങളിലെ കനത്ത മഴയും വെള്ളപ്പൊക്കത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

************************************

## കോഴിക്കോട് - മഴ (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ മലയോര മേഖലയിൽ ഉൾപ്പെടെ ഇന്നലെ രാത്രിയും ഇന്ന് രാവിലെയും ഉണ്ടായ ശക്തമായ മഴയിൽ പലയിടങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെട്ടു. ജില്ലയിലെ പ്രധാന നദികളിലെല്ലാം ജലനിരപ്പ് ഉയർന്നിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു........**

RNUTVPM

(വോയ്സ്)

പാലക്കാടും കനത്ത മഴ തുടരുകയാണ്. മണ്ണാർക്കാട് മഴയിൽ കുതിർന്ന വീടിന്റെ ഭിത്തി തകർന്ന് ദേഹത്ത് വീണ് വയോധിക മരിച്ചു.

************************************

## കണ്ണൂർ - മഴ

കണ്ണൂർ ജില്ലയിൽ രണ്ടു ദിവസമായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ ബാധിച്ചു. പലയിടത്തും വെള്ളം കയറി. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. പ്രധാന

പുഴകൾ നിറഞ്ഞു. പറശ്ശിനിക്കടവിൽ കാർ റോഡിൽ നിന്ന് താഴെക്ക് പതിച്ച് കൊല്ലം സ്വദേശികളായ ദമ്പതിമാർക്ക് പരിക്കേറ്റു. ജില്ലയിൽ ഇന്നലെ ഒരു മരണവും ഉണ്ടായി. പലയിടത്തും മരം വീണ് വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

*********************************

## ഇടുക്കി-മഴ (ഇൻട്രോ)

ഇടുക്കിയിൽ ഇന്നലെ വൈകിട്ട് മുതൽ തുടങ്ങിയ മഴയ്ക്ക് ഇന്ന് രാവിലെ നേരിയ ശമനം. അതേ സമയം ഹൈ റേഞ്ച് മേഖലയിൽ അതി ശക്തമായ കാറ്റ് വീശുന്നുണ്ട്. റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന ജില്ലയിൽ കനത്ത ജാഗ്രതാ നിർദ്ദേശം തുടരുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയ്സ്)**

RNU TVPM

*********************************

## നദി - ജാഗ്രത

കനത്ത മഴയെത്തുടർന്ന് സംസ്ഥാനത്തെ നദികളിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. കാസർഗോഡ് - ഉപ്പള, നീലേശ്വരം, പത്തനംതിട്ട മണിമലയാർ തുടങ്ങിയ നദികളിൽ ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ശിരുവാണി ഡാമിൻ്റെ ഷട്ടർ 150 സെ മീറ്റർ ഉയർത്തി. ശിരുവാണിപ്പുഴ- ഭവാനിപ്പുഴ എന്നിവയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

*********************************

## വൻ തീപിടുത്തം

തൃശ്ശൂർ ചാലക്കുടിയിലെ സ്വകാര്യ പെയിൻറ് - ഗോഡൗണിൽ വൻ തീപിടുത്തം. രാവിലെ എട്ടരയ്ക്ക് ശേഷം തീപിടിച്ചു എന്നാണ് നിഗമനം. ഗോഡൗണിൽ സൂക്ഷിച്ചിരുന്ന ഭൂരിഭാഗം പെയിൻറുകളും കത്തി നശിച്ചു എന്നാണ് കരുതുന്നത്. ചാലക്കുടി പോലീസ് സ്ഥിതിഗതികൾ വിലയിരുത്തി വരികയാണ്. നാല് യൂണിറ്റ് ഫയർഫോഴ്സ് സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി. ഷോട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

RNU TVPM

***********************************

## സെൻസെസ് - വിജ്ഞാപനം

2027ലെ സെൻസെസിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതാദ്യമായി പൊതു സെൻസെസിനൊപ്പം ജാതി സെൻസെസും നടക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പ്രക്രിയ പൂർണ്ണമായും ഡിജിറ്റലായാണ് നടപ്പിലാക്കുന്നത്.

***********************************

## അഹമ്മദാബാദ് വിമാനാപകടം-യോഗം

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന് ഉച്ചയ്ക്ക് ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര ആഭ്യന്തര

സെക്രട്ടറി അധ്യക്ഷനായിട്ടുള്ള സമിതിയിൽ സിവിൽ ഏവിയേഷൻ മന്ത്രാലയം സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്. മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി സമിതിയുടെ നേതൃത്വത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ രൂപീകരിക്കും.

**********************************

## മുഖ്യമന്ത്രി മണ്ണൂത്തി

ആരോഗ്യ രംഗത്ത് മികവുറ്റ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ നാടാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . എന്നാൽ സാംക്രമിക രോഗങ്ങളെ തടയുന്നതിന് ഇനിയും മുന്നേറേണ്ടതുണ്ടെന്നും അതിൽ വലിയ പങ്ക് ജന്തുജന്യ രോഗങ്ങളാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിൽ പണികഴിപ്പിച്ച വിവിധ കെട്ടിട സമുച്ചയങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

RIU TVPM

**********************************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. ഇന്ന് മുതൽ നാളെ വൈകിട്ട് 5 വരെ പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കില്ല. സ്പോർട്സ് ക്വാട്ടയുടെ അവസാന അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

**********************************

## വി ശിവൻകുട്ടി

കേന്ദ്ര നൈപുണ്യ വികസനമന്ത്രി ജയന്ത് ചൗധരിയുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ തൊഴിൽ - നൈപുണ്യ വികസന മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ മന്ത്രി വി ശിവൻകുട്ടി ഹൈദരാബാദിലെത്തി. പ്രധാനമായും മൂന്ന് വിഷയങ്ങളാണ് കേരളം മുന്നോട്ട് വയ്ക്കുന്നത്. കേരളത്തിൽ ഐടി വികസനത്തിനായി 1,440 കോടി രൂപയുടെ പദ്ധതി, തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോ റെയിൽ ടെക്നോളജി കോഴ്സ് നടത്തുന്നതിനുള്ള കൂടുതൽ സഹായങ്ങൾ, രണ്ട് മൾട്ടി ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കും.

RNUTVPM

## ടാങ്കർ - ആലപ്പുഴ

അറബിക്കടലിൽ അപകടത്തിൽപ്പെട്ട കപ്പലിലേതെന്ന് കരുതുന്ന ഇന്ധനടാങ്കർ ഇന്ന് രാവിലെ അമ്പലപ്പുഴക്കടുത്ത് കാക്കാഴം തീരത്തടിഞ്ഞു. ടാങ്കർ കാലി ആണെന്നാണ് വിവരം. അമ്പലപ്പുഴ പോലീസ് സ്ഥലത്തെത്തി. ആളുകൾ അടുത്ത് എത്താതിരിക്കാൻ പോലീസ് നിയന്ത്രണം ഏർപ്പെടുത്തി.

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 518 പോയിൻറ് നേട്ടത്തിൽ 81,637 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 174 പോയിന്റ് നേട്ടത്തിൽ 24,893 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 74,440 രൂപയും ഗ്രാമിന് 15 രൂപ കുറഞ്ഞ് 9,305 രൂപയുമാണ് ഇന്നത്തെ വില.